**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 575** **24-08-2022 - ൽ മറുപടിയ്ക്ക്**

**ഭരണഘടനാ സാക്ഷരത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് ഭരണഘടനയെ സംബന്ധിച്ച അറിവ് നൽകുന്നതിന് നിയമ വകുപ്പിന് പദ്ധതികളുണ്ടോ; എങ്കിൽ വിശദ വിവരം ലഭ്യമാക്കാമോ; | (എ) | നിയമ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിൽ ഉൾപ്പെടുന്ന കേരള സംസ്ഥാന ലീഗൽ സർവീസസ് അതോറിറ്റി (കെൽസ) താഴെ പറയും പ്രകാരം വിവിധ പരിപാടികൾ നടത്തി വരുന്നുണ്ട്.<br><br>വിദ്യാർത്ഥികളിൽ നിയമാവബോധം വർദ്ധിപ്പിക്കുന്നതിനായി വിവിധ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നുണ്ട്.<br><br>a) നിയമപാഠം സ്കൂൾ കുട്ടികൾക്ക്<br><br>b)നിയമപാഠം കോളേജ് വിദ്യാർത്ഥികൾക്ക്<br><br>c) Lessons in Law for CBSE students<br><br>ഭരണഘടനയുടെ പ്രസക്ത ഭാഗങ്ങളും ഒരു പൗരൻ അറിഞ്ഞിരിക്കേണ്ട എല്ലാ പ്രധാനപ്പെട്ട നിയമങ്ങളും സ്കൂൾ നിയമപാഠത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>നിയമശ്രോത്രം പദ്ധതിയുടെ ഭാഗമായി വയനാട് ജില്ലയിൽ ആദിവാസി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നിയമ വിദ്യാഭ്യാസത്തിന് പ്രവേശനം ലഭിക്കുന്ന തിനായി എൻട്രൻസ് കോച്ചിംഗ് ക്ലാസ്സുകൾ നടത്തിവരുന്നുണ്ട്.<br><br>ബുക്ക് ചലഞ്ച് പരിപാടിയുടെ ഭാഗമായി കേരള സംസ്ഥാന ലീഗൽ സർവീസസ് അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ ബാല മന്ദിരങ്ങളിൽ ലൈബ്രറികൾ സ്ഥാപി ക്കുകയുണ്ടായി.<br><br>കുട്ടികളിൽ നിയമവബോധം വർദ്ധിപ്പിക്കുന്ന തിനായി കഴിഞ്ഞ പതിനൊന്ന് വർഷമായി സ്കൂൾ തലത്തിലും താലൂക്ക് തലത്തിലും ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും കെൽസയുടെ ആഭിമുഖ്യത്തിൽ നിയമപാഠ പുസ്തകത്തെ ആസ്പദമാക്കി ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്കായി ക്വിസ് |

| | | | |
|---|---|---|---|
| | | | കോംപറ്റീഷൻ നടത്തിവരുന്നു.0 ചദതഗകരപ്പൂഗൽ ലിറ്ററസി ക്ലബുകൾ രൂപീകരിക്കുന്നതിനും കൗൺസിലിംഗ് ഉൾ പ്പെടെ വിവിധ പരിപാടികൾ അദ്ധ്യാ പകരുടെ മേൽനോട്ടത്തിൽ ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികൾ വഴി നടത്തിവരുന്നു. ഭരണഘടന സാക്ഷരത ജനകീയമാക്കുന്നതിലേയ്ക്കായി ഭരണഘടന തത്വങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള നിയമസാക്ഷരത പരിപാടികൾ സംസ്ഥാന ത്തുടനീളം ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികളുടെ ആഭിമുഖ്യത്തിൽ നടത്തി യിട്ടുണ്ട്. |
| (ബി) | സിലബസുകളിൽ ഭരണഘടന സംബന്ധിച്ച വിഷയങ്ങൾ ഉൾപ്പെടുത്തുന്നതിന് നിയമ വകുപ്പ് മുൻകൈ എടുക്കാമോ; | (ബി) | ഉന്നതവിദ്യാഭ്യാസ/പൊതുവിദ്യാഭ്യാസ വകുപ്പുകളാണ് സിലബസുകൾ ചിട്ടപ്പെടുത്തുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിക്കുന്നത് |
| (സി) | സംസ്ഥാനത്തെ ആരോഗ്യ, എഞ്ചിനീയറിംഗ് പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ഭരണഘടനാപഠനം ഉറപ്പുവരുത്താൻ നിയമ വകുപ്പ് മുൻകൈ എടുക്കുമോ; വ്യക്തമാക്കാമോ? | (സി) | **ആരോഗ്യ, എഞ്ചിനീയറിംഗ്, പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് നിയമപഠനം ഉറപ്പുവരുത്തുന്ന വിഷയം നിയമവകുപ്പിന്റെ പരിധിയിൽ വരുന്നതല്ല. ആയതിനാൽ ഇക്കാര്യത്തിൽ നിയമവകുപ്പിന് പ്രത്യേകമായി തീരുമാനം എടുക്കാൻ സാധിക്കുന്നതല്ല.** |

സെക്ഷൻ ഓഫീസർ